KERALA VETERINARY & ANIMAL SCIENCES UNIVERSITY
LIVESTOCK RESEARCH STATION
THIRUVAZHZMKUNNU
DATE......................

**കേരള വെറ്ററിനറി & അനിമൽ സയൻസസ് യൂണിവേഴ്സിറ്റി**
**കന്നുകാലി ഗവേഷണകേന്ദ്രം**
**തിരുവാഴാംകുന്ന്(പി .ഒ ), പാലക്കാട് – 678 601, കേരള**
**ഇ മെയിൽ.:lrst@kvasu.ac.in ഫോൺ നം .04924296562**

**നമ്പർ–എൽ.5. 1218/2024** **തീയതി: 06/03/2025**

# പുനർ പൊതുലേലം നോട്ടീസ്

തിരുവാഴാംകുന്ന് കന്നുകാലി ഗവേഷണ കേന്ദ്രത്തിൽ സൂക്ഷിച്ചിട്ടുള്ള ഉദ്ദേശം **6199 എണ്ണം നാളികേരം** പൊളിച്ച് വെള്ളത്തോടുകൂടി തൂക്കി പൊതുലേലം ചെയ്ത് വിൽപന നടത്തുവാൻ താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി തീരുമാനിച്ചിരിക്കുന്നു. പരസ്യ ലേലത്തിന് പുറമേ മുദ്രണം ചെയ്ത ക്വട്ടേഷനുകളും സ്വീകരിക്കുന്നതാണ്.

| | | |
|---|---|---|
| നിരതദ്രവ്യം | : | **5000/-** |
| ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി / സമയം | : | **15/03/2025; 11.15 AM** |
| പരസ്യ ലേലം നടത്തുന്ന തിയ്യതി/ സമയം | : | **15/03/2025, 11.30 AM** |
| ക്വട്ടേഷൻ തുറക്കുന്ന തിയ്യതി/ സമയം | : | പരസ്യ ലേലത്തിനു ശേഷം |

**നിബന്ധനകൾ**

1. വെള്ളത്തോട് കൂടി നാളികേരം കിലോഗ്രാമിന് എത്ര വിലക്ക് എടുക്കാമെന്നാണ് ക്വട്ടേഷനിൽ കാണിക്കേണ്ടത്.
2. വെള്ളക്കടലാസിൽ അക്കത്തിലും അക്ഷരത്തിലും ഒരു കിലോഗ്രാം നാളികേരത്തിന്റെ വില എഴുതിയ ക്വട്ടേഷൻ സ്റ്റേഷൻ മേധാവിയുടെ മേൽവിലാസം മുദ്രണം ചെയ്ത കവറിലാക്കി കവറിനു മുകളിൽ **"നാളികേരത്തിനുള്ള ക്വട്ടേഷൻ"** എന്ന് രേഖപ്പെടുത്തി സമർപ്പിക്കേണ്ടതാണ്.
3. ക്വട്ടേഷനോടൊപ്പം നിരതദ്രവ്യം പണമായി കെട്ടിവെക്കേണ്ടതാണ്.
4. പൊളിക്കുന്നതിനും പൊളിച്ച നാളികേരം തൂക്കുന്നതിനുമുള്ള ചെലവുകൾ കരാറുകാരൻ വഹിക്കേണ്ടതാണ്.
5. പൊളിച്ച് കഴിഞ്ഞാൽ തൊണ്ടും നാളികേരവും കരാറുകാരൻ മൂന്നു ദിവസത്തിനകം കൊണ്ടുപോകേണ്ടതാണ്.
6. പരസ്യലേലം ഉണ്ടായിരിക്കുന്നതാണ്. പരസ്യലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ **15/03/2025 ന് രാവിലെ 11.15 മണിക്ക്** മുമ്പായി നിരതദ്രവ്യം അടച്ച് പേര് രജിസ്റ്റർ ചെയ്ത് ടോക്കൺ കൈപ്പറ്റേണ്ടതാണ്
7. നിരതദ്രവ്യം കെട്ടിവച്ചവരെ മാത്രമെ പരസ്യലേലത്തിൽ പങ്കെടുക്കുവാൻ അനുവദിക്കുകയുള്ളൂ.
8. ക്വട്ടേഷൻ/ലേലത്തിൽ പങ്കെടുക്കുന്നവർ ഫോട്ടോ പതിപ്പിച്ച തിരിച്ചറിയൽ കാർഡ് ഹാജരാക്കേണ്ടതാണ്. ലേലം ഉറപ്പിക്കുന്നവർ ആയതിന്റെ പകർപ്പ് ഓഫീസിൽ സമർപ്പിക്കേണ്ടതാണ്.
9. വില്പനക്കുള്ള നാളികേരം ഓഫീസ് സമയങ്ങളിൽ ഗോഡൌണിൽ വന്നു പരിശോധിക്കാവുന്നതാണ്.
10. നിശ്ചിത സമയത്തിനു ശേഷം ക്യാമ്പസിൽ അനാവശ്യമായി നില്ക്കാൻ പാടുള്ളതല്ല.

11. ലേലം/ക്വട്ടേഷൻ സ്ഥിരീകരിക്കാത്തവരുടെ നിരതദ്രവ്യം അപ്പോൾത്തന്നെ തിരിച്ചു നിൽകുന്നതാണ്.

12. ലേലം/ക്വട്ടേഷൻ സ്ഥിരീകരിച്ചു കഴിഞ്ഞാൽ പ്രസ്തുത വ്യക്തി 30,000/- (നിരതദ്രവ്യം ഉൾപ്പെടെ) അന്നേ ദിവസവും ബാക്കി തുക മൂന്നു ദിവസത്തിനകവും (നാളികേരം കൊണ്ട് പോകുന്നതിനു മുൻപായി) ഓഫീസിൽ അടക്കേണ്ടതാണ്.

13. പ്രസ്തുത ദിവസത്തിനകം തുക പൂർണ്ണമായും അടയ്ക്കാതിരുന്നാൽ പുനർലേലം നടത്തുന്നതും കരാറുകാരൻ ആദ്യം അടച്ച തുക സർവ്വകലാശാലയ്ക്ക് മുതൽക്കൂട്ടുന്നതുമാണ്.

14. ലേലം/ക്വട്ടേഷൻ സ്ഥിരീകരിച്ച വ്യക്തി ഓഫീസ് സമയങ്ങളിൽ വന്ന് ഓഫീസ് മേധാവിയുടെ/ ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ അറിവോടും സമ്മതത്തോടും കൂടിയേ നാളികേരം കൊണ്ടുപോകാൻ പാടുള്ളൂ.

15. ലേലം/ക്വട്ടേഷൻ വ്യവസ്ഥകൾ ലംഘിക്കുന്നവരുടെ നിരതദ്രവ്യം സർവ്വകലാശാലയ്ക്ക് മുതൽക്കൂട്ടുന്നതായിരിക്കും.

16. നിശ്ചിത തീയതിക്കും സമയത്തിനും ശേഷം ലഭിക്കുന്നതും വ്യക്തമല്ലാത്തതുമായ ക്വട്ടേഷനുകൾ നിരസിക്കുന്നതാണ്.

17. ഏതെങ്കിലും കാരണവശാൽ ലേലം നിശ്ചയിച്ച ദിവസം അവധിദിനമായി വന്നാൽ തൊട്ടടുത്ത പ്രവൃത്തിദിവസം ലേലം/ ക്വട്ടേഷൻ നടത്തുന്നതാണ്.

18. യാതൊരു കാരണവും കാണിക്കാതെ തന്നെ ലേലം/ക്വട്ടേഷൻ മാറ്റി വയ്ക്കുന്നതിനോ അസ്ഥിരപ്പെടുത്തുന്നതിനോ ഉള്ള അധികാരം സ്ഥാപന മേധാവിയിൽ നിക്ഷിപ്തമാണ്. ക്വട്ടേഷൻ സംബന്ധിച്ച് എന്ത് തീരുമാനം എടുക്കുന്നതിനും സ്റ്റേഷൻ മേധാവിക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.

19. ലേല സമയത്ത് ക്യാംപസിൽ തികഞ്ഞ അച്ചടക്കം പാലിക്കണം. അനാവശ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്നവരുടെ പേരിൽ നിയമ നടപടികൾ കൈക്കൊള്ളുന്നതും അവരെ കരിമ്പട്ടികയിൽ പെടുത്തുന്നതുമായിരിക്കും.

20. സർക്കാർ ക്വട്ടേഷന്റെ എല്ലാ വ്യവസ്ഥകളും നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമാണ്.

ഒപ്പ്/-

**അസോസിയേറ്റ് പ്രൊഫസർ & ഹെഡ്**

പകർപ്പ്:- നോട്ടീസ് ബോർഡ് ഓഫീസ്/ഗേറ്റ്/ലോക്കൽ സർക്കുലേഷൻ
ഗ്രാമപഞ്ചായത്ത് ഓഫീസ് - കോട്ടോപ്പാടം/മണ്ണാർക്കാട്/അലനല്ലൂർ
വില്ലേജ് ഓഫീസ് - കോട്ടോപ്പാടം/കോട്ടോപ്പാടം -1/അലനല്ലൂർ
മൃഗാശുപത്രി - മണ്ണാർക്കാട്/അലനല്ലൂർ, കൃഷിഭവൻ - കോട്ടോപ്പാടം/മണ്ണാർക്കാട്
അസിസ്റ്റന്റ് പ്രൊഫസർ`/എസ്.എഫ്.എസ്/ഫാം സൂപ്പർവൈസർ

**//ഉത്തരവിൻ പ്രകാരം//**

**സെക്ഷൻ ഓഫീസർ**